# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 803/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 803/2024 തീയ്യതി: 04/11/2024

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ. ബി | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2024 | 19-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-08-2024 | 19-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മിനി.പി.രാധാകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഫമിൻ.എസ്സ്.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മനേഷ് കുമാർ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ .സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ. ദീപ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| മേരിസൺ മൈക്കിൾ | സെക്രട്ടറി | 01-04-2023 | 31-10-2023 |

| | | | |
|---|---|---|---|
| മധു പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2023 | 30-11-2023 |
| ഉണ്ണികൃഷ്ണൻ പിള്ള പി. ആർ | സെക്രട്ടറി | 01-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മധു പി. | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| പൂജ വി.നായർ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ഗോപാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| അശ്വതി കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2023 | 11-07-2023 |
| ധന്യ ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 12-07-2023 | 31-03-2024 |
| രശ്മി എൽ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2023 | 31-07-2023 |
| കിരൺ കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-08-2023 | 31-03-2024 |
| നന്ദു ജി.എച്ച്. | അസി.എൻജിനീയർ | 01-04-2023 | 17-11-2023 |
| പാർവ്വതി | അസി.എൻജിനീയർ (അധിക ചുമതല) | 18-11-2023 | 14-12-2023 |
| ബിന്ദു ഒ. | അസി.എൻജിനീയർ ഇൻ ചാർജ്ജ് (ഓവർസിയർ) | 15-12-2023 | 24-03-2024 |
| ദിവ്യശ്രീ എം. | അസി.എൻജിനീയർ | 25-03-2024 | 31-03-2024 |
| കവിത കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| മെർലിൻ മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 23-11-2023 |
| മാളവിക സി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-11-2023 | 31-03-2024 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2023 | 30-06-2023 |
| ഡോ.ജയകുമാർ വി.വൈ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-07-2023 | 31-03-2024 |
| ഡോ.സവിത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.ദീപ എസ്.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 30-04-2023 |
| ഡോ. പ്രീനിത നെൽസൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-05-2023 | 31-08-2023 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-09-2023 | 31-03-2024 |
| ലൈജുമോൾ | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | CFC ഗ്രാന്റ് തെറ്റായി അക്കൌണ്ട് ചെയ്തു | 1-1-1 |
| 3 | ചെലവ് വിവരങ്ങൾ മുൻകൂർ എന്ന നിലക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന 4,48,628/- രൂപയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല | 1-1-3 |
| 5 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 14 | സർക്കാർ ഉത്തരവ് പാലിച്ചില്ല, വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതുമൂലം 82520/- രൂപയുടെ നഷ്ടം | 1-10 |
| 15 | ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച നിരവധി സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിക്കപ്പെട്ടില്ല | 1-11 |
| 16 | വസ്തുനികുതി-മേൽത്തരം തറനിർമ്മിതി ഉൾപ്പെടുത്തിയിട്ടും വർദ്ധനവ് ഉൾപ്പെടെയുള്ള നികുതി നിർണ്ണയിക്കപ്പെടുന്നില്ല | 1-12 |
| 17 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകം | 1-13 |
| 18 | വില്ലേജ് ഓഫീസുകൾക്ക് വസ്തുനികുതി ചുമത്തിയില്ല | 1-14 |
| 19 | ടെലിഫോൺ ടവറുകളിൻമേൽ വസ്തുനികുതി ചുമത്തിയില്ല | 1-15 |
| 20 | തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1-16 |
| 21 | തൊഴിൽ നികുതി- മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തിയില്ല | 1-17 |
| 22 | വർഷങ്ങളായി തുടരുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-18 |
| 23 | വിനോദനികുതി - ഗ്രാമപഞ്ചായത്തിന് 5,05,753/- രൂപയുടെ നഷ്ടം | 1-19 |
| 24 | വിനോദ നികുതി അടക്കുന്നത് നിരീക്ഷിക്കുന്നതിൽ അപാകം | 1-20 |
| 25 | പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല | 1-21 |
| 26 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 1-22 |
| 27 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നില്ല | 1-23 |
| 28 | സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളിന് വാടക ഈടാക്കുന്നില്ല | 1-24 |
| 29 | ഇ-ടെണ്ടർ ഫീസ് തനതുഫണ്ടിലേക്ക് ഒടുക്കിയില്ല | 1-25 |
| 30 | പശ്ചാത്തല മേഖലയിലെ പദ്ധതികൾ- ധനവിനിയോഗത്തിൽ ഗണ്യമായ കുറവ് | 1-26 |
| 31 | അക്കൌണ്ട് നമ്പർ നൽകിയതിൽ അപാകം - കെ.എം.എസ്.സി.എൽ ന് നൽകിയ 900000/-രൂപ അക്കൌണ്ടിൽ ക്രഡിറ്റായില്ല | 1-27 |
| 32 | ലബോറട്ടറി ഉപകരണം വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല | 1-28 |

| | | |
|---|---|---|
| 33 | ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാക്കിയില്ല | 1-29 |
| 34 | വെള്ളക്കരം ഒടുക്കുന്നതിൽ വികസനഫണ്ടിന്റെ വിനിയോഗം | 1-30 |
| 35 | എസ്.എസ്.കെ. വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-31 |
| 36 | തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല | 1-32 |
| 37 | വിനിയോഗ വിവരങ്ങളില്ല -ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 38 | ലൈഫ് ഭവനനിർമ്മാണം - അവലോകനം | 1-34 |
| 39 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ചുള്ള അവലോകനം | 1-35 |
| 40 | ഹരിതകർമ്മസേന - അവലോകനം | 1-36 |
| **ഭാഗം 2** | | |
| 1 | സർക്കാർ ഉത്തരവ് പാലിച്ചില്ല വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതുമൂലം 82,580 രൂപയുടെ നഷ്ടം | 2-1 |
| 2 | വിനോദനികുതി - ഗ്രാമപഞ്ചായത്തിന് 5,05,753/- രൂപയുടെ നഷ്ടം | 2-2 |
| 3 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകം | 2-3 |
| **ഭാഗം 3** | | |
| 1 | ലബോറട്ടറി ഉപകരണം വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും ജി.എസ്സ്.ടി ഈടാക്കുന്നില്ല | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2024-ലെ 15(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 CFC ഗ്രാന്റ് തെറ്റായി അക്കൌണ്ട് ചെയ്തു

വാർഷിക കണക്കുകളിലെ ഹെഡ് കോഡ് 340800101 (Deposit Received From Others)ൽ ഉൾപ്പെടുത്തിയ 332720/- രൂപ 2017-18 ലെ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ 1060000/- രൂപയുടെ വിനിയോഗത്തിന് ശേഷം തിരികെ ലഭിച്ച തുകയാണ്. (പ്രോജക്റ്റ് നമ്പർ 82/2017-18 പദ്ധതിയുടെ പേര്-ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -

ഡവലപ്പ്മെന്റ് ഫണ്ട്(CFC Basic Grant). വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയ ഈ തുക Deposit Received From Others ൽ നിന്നും മാറ്റി Development Fund (CFC Basic Grant) ബാധ്യത ഹെഡ്ഡിലേക്ക് മാറ്റേണ്ടതും 332720/- രൂപ തനത് ഫണ്ടിൽ നിന്നും CFC ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

**1-1-2 ചെലവ് വിവരങ്ങൾ മുൻകൂർ എന്ന നിലക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

പ്രോജക്റ്റ് നം-117/23-24 പ്രകാരം നൽകിയ 105236/- രൂപയുടെ ചെലവ് വിവരങ്ങൾ മുൻകൂർ എന്ന നിലക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന 4,48,628/- രൂപയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല**

ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന 4,48,628/- രൂപയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല. മുൻ വർഷങ്ങളിൽ ബാധ്യതയായി തുടരുന്ന തുകയുടെ വർഷം, പ്രോജക്റ്റ് നമ്പർ തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-1-4 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല**

ഫെസ്റ്റിവൽ അഡ്വാൻസ്, അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർസ് എന്നീ ഹെഡ്ഡുകളിൽ തുടരുന്ന തുക സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 22/03/23 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) | ചെലവ്(രൂപ) |
|---|---|---|
| ബജറ്റ് പ്രകാരം | 37,88,94,442 | 37,87,96,721 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ) | 27,04,19,969 | 27,29,01,046 |

**1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 2,97,70,280 |
| വരവ് | 11,85,22,230 |
| ആകെ | 14,82,92,510 |
| ചെലവ് | 10,74,72,807 |
| നീക്കിയിരിപ്പ് | 4,08,19,703 |

**1-4 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 20783723 | 20783723 | 17991256 | 2792467 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി. | 0 | 11657082 | 11657082 | 9671292 | 1985790 |
| വികസന ഫണ്ട് ടി.എസ്. പി. | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 20969350 | 20969350 | 1207444 | 19761906 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5024600 | 5024600 | 5007774 | 16826 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 4099569 | 3938000 | 8037569 | 4162522 | 3875047 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റ്റൈഡ്) | 3121740 | 2953500 | 6075240 | 5059376 | 1015864 |

## 1-5 പദ്ധതി അവലോകനം

2023-24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 183 | 212939477 | 102 | 98556650 | - | 81 | 55.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 2073382 | 2073382 | 2069911 | 3471 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 47207522 | 47207522 | 47207522 | 0 |
| ആകെ | 0 | 49280904 | 49280904 | 49277433 | 3471 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5760 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 7777200 | 990 |
| വിധവാ പെൻഷൻ | 16027300 | 1528 |
| വാർദ്ധക്യകാല | 33790400 | 2913 |

| | | |
|---|---|---|
| പെൻഷൻ | | |
| വികലാംഗ പെൻഷൻ | 4093900 | 369 |
| അവിവാഹിത പെൻഷൻ | 832600 | 75 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2024 തീയതിയിൽ 03:00 PM സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി പരിശോധനയിൽ 5541/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

5. സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയ ടേക്ക് എ ബ്രേക്ക് പദ്ധതി ഇതേ വരെയും പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

6. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് ലഭിക്കുന്ന ശുചീകരണ ഫണ്ട് വിനിയോഗം സംബന്ധിച്ച് ക്യാഷ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തൽ യഥാകാലം വരുത്തുന്നില്ല.

പ്രസ്തുത അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

**1-10 സർക്കാർ ഉത്തരവ് പാലിച്ചില്ല, വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതുമൂലം 82520/- രൂപയുടെ നഷ്ടം**

വാണിജ്യ സ്ഥാപനങ്ങളോടുചേർന്ന് നിർമ്മിക്കപ്പെടുന്ന ഗോഡൌണുകൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കി വസ്തുനികുതി ചുമത്തുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടത് വരുമാന ചോർച്ചക്കിടയാക്കി. ഗ്രാമപഞ്ചായത്തിലെ പ്രമുഖ

വ്യാപാരസ്ഥാപനമായ *അശ്വതി മാർബിൾസ്* ഗോഡൌണായി ഉപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി ചുമത്താതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് 82,580/- രൂപയുടെ നഷ്ടമുണ്ടാക്കി.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22-03-23 പ്രകാരം) 2023 മെയ് 15 നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക). എന്നാൽ ഇപ്രകാരമുള്ള ജോലികൾ നിലവിലും പൂർണ്ണമല്ലാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമായി.

ഗ്രാമപഞ്ചായത്തിലെ പ്രമുഖ വ്യാപാരസ്ഥാപനമായ *അശ്വതി മാർബിൾസ്* ഗോഡൌണായി ഉപയോഗിക്കുന്ന കെട്ടിടഭാഗങ്ങളെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയിട്ടില്ല. കെട്ടിടനിർമ്മാണ അനുമതിയോടുകൂടിയല്ല നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും കാണുന്നു. ഓഡിറ്റ് ടീമിന്റെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് വിഭാഗം (LID &EW) പരിശോധന നടത്തുകയും സ്ഥാപനം അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടം വാണിജ്യാവശ്യ ഗോഡൌണായി ഉപയോഗിക്കുന്നുവെന്നും കെട്ടിടത്തിന്റെ വിസ്തൃതി 1003.966 ച.മീറ്റർ ഉണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-2/2023-24 തീയതി 08-08-24 നുള്ള മറുപടി). ഈ സ്ഥാപനത്തിനെ നികുതി ചുമത്താത്തത് 82,580/- രൂപയുടെ നഷ്ടത്തിനിടയാക്കി. നികുതി സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | ഗൊഡൌൺ (അശ്വതി മാർബിൾസ്) |
|---|---|
| അടിസ്ഥാന വസ്തുനികുതി നിരക്ക് (2023-24 മുതൽ ബാധകമായത്) | 75/ച.മീ |
| അടിസ്ഥാന വസ്തുനികുതി | 75072.45 |
| വർദ്ധനവ് (റോഡ് സൌകര്യം 20%) | 15014.49 |
| ഇളവ് (കുറഞ്ഞ തരം മേൽക്കൂര 10%) | 7507.245 |
| വസ്തുനികുതി | 82580 |

കെട്ടിടം പഞ്ചായത്തിന്റെ അനുമതിയോടെ നിർമ്മിച്ചതല്ലാത്തതിനാൽ ക്രമവൽക്കരിക്കേണ്ട തായിട്ടുണ്ട്. കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് നൽകി ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വസ്തുനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്ത പക്ഷം 82580/- രൂപയുടെ ബാധ്യത സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**1-11 ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച നിരവധി സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിക്കപ്പെട്ടിട്ടില്ല**

വസ്തുനികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ വർഷങ്ങളായി പ്രവർത്തിക്കുന്നതും ബന്ധപ്പെട്ട കെട്ടിട ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കാത്തതും

ഗ്രാമപഞ്ചായത്തിന് തനതുവരുമാന നഷ്ടമുണ്ടാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രമുഖ സ്ഥാപനങ്ങളായ *മഹാഗുരു ഇന്റർനാഷണൽ സ്കൂൾ* , കട്ടച്ചിറ,മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി-കട്ടച്ചിറ,സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിംഗ്, കറ്റാനം എന്നിവ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നികുതി ചുമത്തലിന് വിധേയമല്ലാതെ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) *മഹാഗുരു ഇന്റർനാഷണൽ സ്കൂൾ*

ഗ്രാമപഞ്ചായത്ത് പരിധിയിൽ കട്ടച്ചിറ മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന എൻജിനീയറിംഗ് കോളേജിന് സമീപത്തായി പ്രവർത്തനം ആരംഭിച്ച *മഹാഗുരു ഇന്റർനാഷണൽ സ്കൂൾ* കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതി വാങ്ങിയല്ല നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കിയത്. നിലവിൽ കെട്ടിടം സ്കൂളിനായി ഉപയോഗിക്കുന്നുണ്ടെങ്കിലും ക്രമവൽക്കരണത്തിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. സർക്കാരിന്റെ അംഗീകാരത്തോട് കൂടിയാണോ സ്കൂൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല. അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് വസ്തുനികുതി ബാധ്യതയുണ്ടെന്നിരിക്കെയും സ്കൂൾ കെട്ടിടം നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്നതിനെതിരെ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-235 AA(1)പ്രകാരം അനധികൃത കെട്ടിടമെന്ന നിലക്ക് 2023-24 മുതലുള്ള വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-20/17-08-2024)

II)മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സാശ്രയ കോളേജായ മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ താഴെ പറയുന്ന കെട്ടിടങ്ങൾ മാത്രമാണ് നിലവിൽ സഞ്ചയ ഡേറ്റ ബേസിലുൾപ്പെടുന്നത്. സഞ്ചയയിൽ ലഭ്യമായ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തൃതി | ഉപയോഗക്രമം |
|---|---|---|
| 15/33 | 5797.14$m^2$ | കോളേജ് മെയിൻ കെട്ടിടം |
| 15/33 A | 1115.53$m^2$ | കോളേജ് കാന്റീൻ കെട്ടിടം |

എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾ ടി ക്യാമ്പസിൽ നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൈ ചെയ്തിട്ടുണ്ടെങ്കിലും സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ലായെന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

| ക്രമ നം | വിസ്തൃതി(ച.മീ) | ഉപയോഗക്രമം |
|---|---|---|
| 1 | 5825 | വർക്ക് ഷോപ്പ് കെട്ടിടം |
| 2 | 2769 | ജെന്റ്സ് ഹോസ്റ്റൽ |
| 3 | 1745 | ലേഡീസ് ഹോസ്റ്റൽ |

വർഷങ്ങളായി പ്രവർത്തിക്കുന്ന കോളേജിലെ നിർമ്മാണം പൂർത്തിയാക്കിയ ഹോസ്റ്റലുകളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്തിന് ചുമത്താനായില്ല. സ്ഥാപനത്തിന്റെ വെബ് സൈറ്റ് പ്രകാരം( Https://Www.Mahagurutech.Ac.In) കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനം

ഉപയോഗിക്കുന്നുണ്ട്. ഇത് സംബന്ധിക്കുന്ന പരാമർശം 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
കെട്ടിടങ്ങളുടെ പെർമ്മിറ്റ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ രേഖാമൂലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-16/16-08-2024) മറുപടി ലഭ്യമാക്കിയില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-235 AA(1)പ്രകാരം അനധികൃത കെട്ടിടമെന്ന നിലക്ക് വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

III)സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിംഗ്

ഗ്രാമപഞ്ചായത്തിലെ പ്രമുഖ സ്വകാര്യ സാശ്രയ നേഴ്സിംഗ് കോളേജാണ് സെന്റ് തോമസ്സ് കോളേജ് ഓഫ് നേഴ്സിംഗ്. ഗ്രാമപഞ്ചായത്തിന്റെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടി സ്ഥാപനത്തിന്റെ കെട്ടിടം A2/566 5/14-15/84 എന്ന നമ്പരായി കെട്ടിട നിർമ്മാണപെർമ്മിറ്റ് എടുത്ത് നിർമ്മാണം ആരംഭിച്ചതും പണി പൂർത്തീകരിച്ച് ഒക്യുപൻസി നേടിയിട്ടില്ലാത്തതുമാണ്. (വിസ്തൃതി 7977.01 ച.മീ) പെർമ്മിറ്റ് പ്രകാരം നിലവിൽ ഈ കെട്ടിടത്തിന്റെ പെർമ്മിറ്റ് കാലാവധി28/09/2022 . ഈ സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം 2008 മുതൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 14-15 കാലയളവിൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ ഭാഗങ്ങൾ സ്ഥാപനം ഉപയോഗിക്കുന്നുണ്ടോയെന്നും പെർമ്മിറ്റ് പുതുക്കിയിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ രേഖാമൂലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-16/16-08-2024 ) മറുപടി ലഭ്യമാക്കിയില്ല.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-235 AA(1)പ്രകാരം അനധികൃത കെട്ടിടമെന്ന നിലക്ക് വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി-മേൽത്തരം തറനിർമ്മിതി ഉൾപ്പെടുത്തിയിട്ടും വർദ്ധനവ് ഉൾപ്പെടെയുള്ള നികുതി നിർണ്ണയിക്കപ്പെടുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 6 പ്രകാരം 250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ 250 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളെ ഉടമയുടെ ആവശ്യപ്രകാരം വിവിധ നമ്പരുകൾ നൽകി തറവിസ്തൃതി വിഭജിച്ച് വസ്തുനികുതി ചുമത്തുമ്പോൾ മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ആയതിന് അനുസൃതമായ നികുതി വർദ്ധനവ് നൽകുവാനാകാത്തത് ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിലെ ഈ പരിമിതി IKM അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്. കെട്ടിടത്തിന്റെ നികുതി സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | തറവിസ്തൃതി (ച.മീ) | വസ്തുനികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | 15% വർദ്ധനവ് |
|---|---|---|---|---|---|---|
| ശ്യാം വി ആർ, വാളുത്തറ | 1/517 D | വാണിജ്യാവശ്യം | 161.16 | 70 | 11281.2 | 1693 |
| | 1/517 E | വാണിജ്യാവശ്യം | 142.52 | 70 | 9976.4 | 1497 |
| ആകെ തറവിസ്തൃതി (ച.മീ) | | | 303.68 | ആകെ ഉൾപ്പെടുത്തേണ്ട വർദ്ധനവ് | | 3190 |

ഒരു കെട്ടിടത്തിൽ നിന്നു തന്നെ 3190/- രൂപ നഷ്ടമാകുന്ന സാഹചര്യമുണ്ട്. മേൽ നമ്പർ കെട്ടിടം ഉൾപ്പെടെ ഇപ്രകാരം നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനനിർണ്ണയിക്കുന്നതിന് IKM ന്റെ സഹായം തേടേണ്ടതാണ്. നടപടികളുടെ പുരോഗതി

ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.23 തീയതി 21/08/24).

**1-13 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകം**

മാത്യു എബ്രഹാം, കുറ്റിയിൽ ബംഗ്ലാവ് കറ്റാനം എന്നയാളുടെ 7/230 എന്ന കെട്ടിടത്തിന്റെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം താഴത്തെ നിലയിൽ 25.67 $M^2$ ലും ഒന്നാം നിലയിൽ 73.49 $M^2$ ലും മാറ്റം വന്നു. എന്നാൽ സഞ്ചയ രേഖകളിൽ മാറ്റം പൂർണ്ണമായും ഉൾപ്പെടുത്താതിരുന്നത് വസ്തുനികുതി നഷ്ടമുണ്ടാക്കി. 7/230 എന്ന കെട്ടിടത്തിന്റെ തറവിസ്തൃതി റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ളതും സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ളതും ചുവടെ ചേർക്കുന്നു.

| (1) | സഞ്ചയ പ്രകാരം മുൻപുണ്ടായിരുന്ന തറവിസ്തൃതി (ച.മീ) (2) | കംപ്ലീഷൻ പ്രകാരം കൂട്ടി ചേർക്കപ്പെട്ട തറവിസ്തൃതി (ച.മീ) (3) | സഞ്ചയപ്രകാരം നിലവിൽ ചേർക്കപ്പെട്ടത് (ച.മീ) (4) | ഉൾപ്പെടുത്തിയിട്ടില്ലാത്ത തറവിസ്തൃതി (ച.മീ) (3)-(4) |
|---|---|---|---|---|
| താഴത്തെ നില | 141.96 | 25.67 $M^2$ | 21.96 | 3.71 |
| ഒന്നാം നില | 21 | 73.49 $M^2$ | 0 | 73.49 |

തറ വിസ്തൃതി ഉൾപ്പെടുത്തിയതിലെ പിശക് മൂലം ഉണ്ടായ വസ്തുനികുതി നഷ്ടം ചുവടെ ചേർക്കുന്നു.

ഉൾപ്പെടുത്തിയിട്ടില്ലാത്ത തറവിസ്തൃതി- (3.71+73.49)=77.2

നിലവിലുണ്ടായിരുന്ന വസ്തുനികുതി- 846

അടിസ്ഥാന വസ്തുനികുതി നിരക്ക്-8/ ച.മീ

മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി -77.2 X8 =793.28

ആകെ അടിസ്ഥാന വസ്തുനികുതി=1639.28

വർദ്ധനവ് -റോഡ് =20%=327.856

മേൽത്തരം തറനിർമ്മിതി- 15%=245.892

ഇളവുകൾ കാലപ്പഴക്കം-20%= 327.856

വസ്തുനികുതി- 1886

നിർണ്ണയിച്ച വസ്തുനികുതി-1079

കുറവായി നിർണ്ണയിച്ച വസ്തുനികുതി-807 രൂപ

നികുതി നിർണ്ണയത്തിലെ കുറവ് 21-08-2024 ലെ 23-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവായി നിർണ്ണയിച്ച 807/- രൂപ കൂടി ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-14 വില്ലേജ് ഓഫീസുകൾക്ക് വസ്തുനികുതി ചുമത്തിയില്ല**

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതും പുതിയതായി നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചതുമായ ഭരണിക്കാവ്, കറ്റാനം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. 16-08-2024 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-17 പ്രകാരം വിവരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് പൂർത്തീകരണ പ്ലാൻ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മാവേലിക്കര

തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-15 ടെലിഫോൺ ടവറുകളിൻമേൽ വസ്തുനികുതി ചുമത്തിയില്ല**

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനായി 3 ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിനെ സമീപിക്കുകയും ഇന്റിമേഷൻ നൽകി അപേക്ഷാ ഫീസ് ഒടുക്കുകയും ചെയ്തു. എന്നാൽ ചുവടെ ചേർക്കുന്ന 2 സ്ഥാപനങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം നൽകി വസ്തുനികുതി നിർണ്ണയത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

| തീയതി | രസീത് നം. | ഇന്റിമേഷൻ സമർപ്പിച്ച സ്ഥാപനം |
|---|---|---|
| 11-10-2023 | 1230103543 | INDUS Towers PVT LTD |
| 07-11-2023 | 1230104663 | INDUS Towers PVT LTD |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-1/08-08-24 ന് മറുപടി ലഭ്യമാക്കിയില്ല. ടവറുകളെ വസ്തുനികുതി ചുമത്തി ഫോറം-6 ന്റെ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-16 തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ഉൾപ്പെടുത്തിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതി ക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | വിസ്തൃതി |
|---|---|---|---|
| 1 | 20/668 A | നിബു ഫിലിപ്പോസ് ബാബു, സാന്ദ്ര സാറ ഉമ്മൻ പീഡിയേക്കൽ റോയൽ വില്ല | 334.58 ച.മീ |
| 2 | 13/315 A | എം നാസർകുഞ്ഞ്, മാരൂർ വീട് | 262.85 ച.മീ |

ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം ആരാഞ്ഞുവെങ്കിലും (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.23/21-08-24) വിശദീകരണം ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ തറനിർമ്മിതി സംബന്ധിക്കുന്ന പരിശോധന നടത്തി വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-17 തൊഴിൽ നികുതി- മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തിയില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ

ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-10/12-08-24,20/17-08-24 എന്നിവക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും എന്നാൽ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടാത്തതുമായ ചില സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം ആരംഭിച്ച തീയതി (ഗ്രാമപഞ്ചായത്തിന്റെ മറുപടി പ്രകാരം) |
|---|---|---|
| 1 | മണിരത്ന ഗ്രൂപ്പ് Door No. 301, “Vayalirakkathu Kariyadiyil MCM Tower, Kattanam Alappuzha, Kerala-690503 | 04/09/23 |
| 2 | ഫിനോവെസ്റ്റ് ഗ്രൂപ്പ് Puthenmadathil Building, Kattanam, Pallickal, Alappuzha, PIN-690503 | 27/10/2023 |
| 3 | മഹാഗുരു ഇന്റർനാഷണൽ സ്കൂൾ, കട്ടച്ചിറ | 2023-24 |

സ്ഥാപനങ്ങളുടെയും (ബാധകമെങ്കിൽ) ജീവനക്കാരുടെയും തൊഴിൽ നികുതി പ്രവർത്തനം ആരംഭിച്ച അർദ്ധവർഷം മുതൽ ഈടാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II) ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ദിവസവേതന അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കപ്പെട്ടവരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | പേര് / അർദ്ധവർഷം |
|---|---|---|
| 1 | പകൽവീട് കെയർടേക്കർ | അഞ്ജിത എസ് 2023-24 I & II Half |
| 2 | പകൽവീട് ഹെൽപ്പർ | മായ 2023-24 I & II Half |
| 3 | ദിവസ വേതനം- പ്ലാൻ | രാജി എസ് 2023-24 I & II Half |
| 4 | ലാബ് ടെക്നീഷ്യൻ - ഹോമിയോ | കീർത്തി ശങ്കർ, അജീഷ (2023-24 I Half Only) |
| 5 | DEO | സേതുലക്ഷ്മി (2023-24 I & II |

| | | |
|---|---|---|
| | | Half) |
| 6 | മനോമിത്രം പ്രോജക്റ്റ് സൈക്കോളജിസ്റ്റ് | നീതുമോൾ 2023-24 I & II Half |

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

III) മണിലെൻഡിംഗ് ലൈസൻസ് നേടി പണമിടപാട് നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ തൊഴിൽ നികുതി ചുമത്തിയില്ല.
ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മണിലെൻഡിംഗ് ലൈസൻസ് നേടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പണമിടപാട് നടത്തുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയും സ്ഥാപനത്തിലെ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയില്ല.
1)കണ്ണങ്ങാട്ട് ഫിനാൻസ്, മൂന്നാംകുറ്റി
2)മൂലേത്തറയിൽ ഫിനാൻസ്, മൂന്നാംകുറ്റി
3)പാറവീട്ടിൽ രാജ് ഫിനാൻസ്, മൂന്നാംകുറ്റി
ധനകാര്യ പണമിടപാട് സ്ഥാപനങ്ങളെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>1-18 വർഷങ്ങളായി തുടരുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല</u>**

**2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം നിർദ്ദിഷ്ട കാലവധിക്കകം ക്രമീകരിക്കാത്ത മുൻകൂർ തുകകൾ പലിശസഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുന്ന ഫെസ്റ്റിവൽ അഡ്വാൻസ്, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ എന്നിവ മുന്നിരുപ്പ് എന്ന നിലക്ക് വർഷങ്ങളായി തുടരുന്ന തുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | ഹെഡ് | ഹെഡ് കോഡ് | തുക |
|---|---|---|---|
| 1 | ഫെസ്റ്റിവൽ അഡ്വാൻസ് | 460100101 | 13400 |
| 2 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 460500501 | 66794 |

**പഴയ വാർഷിക കണക്കുകൾ (സാംഖ്യ), രജിസ്റ്ററുകൾ പരിശോധിച്ച് മുൻകൂറുകൾ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.**

**<u>1-19 വിനോദനികുതി - ഗ്രാമപഞ്ചായത്തിന് 5,05,753/- രൂപയുടെ നഷ്ടം</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 ഗ്രാമപഞ്ചായത്തിന് വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്(കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരം) നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. (സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ./ 31-08-2019) വിനോദ നികുതി സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ (110400101) ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ കറ്റാനം ഗാനം സിനി കോംപ്ലക്സിൽ സ്ഥിതിചെയ്യുന്ന നാലു തീയേറ്ററുകളിൽ നിന്നും ഈ സാമ്പത്തിക വർഷം

4,45,234/- രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | രസീത് നം. | തീയതി | തുക |
|---|---|---|---|---|
| 1 | മാർച്ച് 23 | 1230100707 | 10-05-23 | 22,475 |
| 2 | ഏപ്രിൽ 23 | 1230101201 | 5-06-23 | 38,570 |
| 3 | ജൂൺ 23 | 1230102201 | 14-08-23 | 24,995 |
| 4 | ജൂലൈ 23 | 1230102636 | 15-09-23 | 28,015 |
| 5 | ഓഗസ്റ്റ് 23 | 1230103519 | 10-10-23 | 1,33,202 |
| 6 | സെപ്റ്റംബർ 23 | 1230104840 | 13-11-23 | 89,746 |
| 7 | ഒക്ടോബർ 23 | 1230106434 | 30-12-23 | 1,08,231 |
| ആകെ | | | | 4,45,234 |

മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ വിനോദ നികുതി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ 5 മാസങ്ങളിലെ വിനോദനികുതി തീയേറ്റർ ഉടമ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലായെന്നും ഒടുക്കിയ നികുതി നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ഒടുക്കിയതെന്നും കാണുന്നു. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-9 തീയതി 12-08-2024) മറുപടിയായി ഗ്രാമപഞ്ചായത്ത് തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 4,96,845/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ഉടമ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| 1 | മെയ് 23 | 1,87,929 |
| 2 | നവംബർ 23 | 60,469 |
| 3 | ഡിസംബർ 23 | 88,126 |
| 4 | ജനുവരി 24 | 59,304 |
| 5 | ഫെബ്രുവരി 24 | 1,01,017 |
| ആകെ | | 4,96,845 |

**ഓഡിറ്റ് നിരീക്ഷണങ്ങൾ**

1) അക്രൂ ചെയ്യപ്പെടാത്ത വരവിനമെന്ന നിലയിൽ സ്ഥാപന ഉടമ നികുതി ഒടുക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിനോദ നികുതി അക്കൌണ്ട് ചെയ്യേണ്ടത്. ഓരോ മാസത്തെയും വിനോദ നികുതി ഒടുക്കിയിട്ടുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് നിരീക്ഷിക്കുന്നില്ല. രജിസ്റ്ററിൽ തെറ്റായ ഡി.സി.ബി ആണ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

2) കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 ഇ പ്രകാരം (28-03-2023 ലെ നമ്പർ 15(2) ലെഗ്.എ2/2023/നിയമം വിജ്ഞാപന പ്രകാരം ) ഗ്രാമപഞ്ചായത്തിന് നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പലിശ വസൂലാക്കേണ്ടതാണ്. പട്ടിക -1 പ്രകാരം ഒടുക്കിയ നികുതി തുകയെല്ലാം തൊട്ടടുത്ത മാസം 3 ന് ശേഷമാണ് ഒടുക്കിയതെങ്കിലും പിഴപലിശ ഈടാക്കിയിട്ടില്ല. പിഴപ്പലിശ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | രസീത് നം. | തീയതി | തുക | പിഴ പലിശ ഒടുക്കേണ്ട | തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | മാസങ്ങൾ | |
| 1 | മാർച്ച് 23 | 1230100707 | 10-05-23 | 22475 | 1 | 450 |
| 2 | ഏപ്രിൽ 23 | 1230101201 | 5-06-23 | 38570 | 1 | 772 |
| 3 | ജൂൺ 23 | 1230102201 | 14-08-23 | 24995 | 1 | 500 |
| 4 | ജൂലൈ 23 | 1230102636 | 15-09-23 | 28015 | 1 | 561 |
| 5 | ഓഗസ്റ്റ് 23 | 1230103519 | 10-10-23 | 133202 | 1 | 2665 |
| 6 | സെപ്റ്റംബർ 23 | 1230104840 | 13-11-23 | 89746 | 1 | 1795 |
| 7 | ഒക്ടോബർ 23 | 1230106434 | 30-12-23 | 108231 | 1 | 2165 |
| | | | | | | 8908 |

3) പട്ടിക -2 പ്രകാരം ഗാനം തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനുള്ള തുക 4,96,845/- രൂപ പിഴ പലിശ സഹിതം ബന്ധപ്പെട്ട ാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ആകെ നഷ്ടം കണക്കാക്കിയതിൽ 4,96,845/- രൂപ കുടിശ്ശികയുടെ പിഴപലിശ ഉൾപ്പെടുന്നില്ല.)

ക്രമ നം-2, 3 എന്നിവ പ്രകാരം ഈടാക്കിയതിൽ കുറവു വന്ന 505753/- രൂപ (496845 + 8908 ) ബന്ധപ്പെട്ട തീയേറ്റർ ഉടമയിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-20 വിനോദ നികുതി അടക്കുന്നത് നിരീക്ഷിക്കുന്നതിൽ അപാകം

2022-23 വർഷം വിനോദ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 10,86,867/- രൂപ വരവുണ്ട്. എല്ലാ മാസവും പിരിച്ചെടുക്കുന്ന വിനോദ നികുതി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കു മുൻപായി ഗ്രാമപഞ്ചായത്തിൽ GST ഒടുക്കുന്ന കണക്കുകൾക്കനുസൃതമായി ഒടുക്കേണ്ടതും ആയതനുസരിച്ചുള്ള കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഒരു ഉടമയുടെ തന്നെ നാലു തീയറ്ററുകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ ILGMS ലെ കണക്കുകൾ പ്രകാരം ഓരോ മാസവും വരവ് വന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | രസീത് നം | തുക |
|---|---|---|---|
| 1 | 25-04-2022 | 1220100567 | 33642 |
| 2 | 25-04-2022 | 1220100568 | 5070 |
| 3 | 25-04-2022 | 1220100570 | 6416 |
| 4 | 25-04-2022 | 1220100571 | 100782 |
| 5 | 26-05-2022 | 1220101425 | 35324 |
| 6 | 26-05-2022 | 1220101425 | 12836 |
| 7 | 26-05-2022 | 1220101427 | 12912 |
| 8 | 26-05-2022 | 1220101428 | 101298 |
| 9 | 27-06-2022 | 1220101975 | 52510 |
| 10 | 27-06-2022 | 1260101976 | 15340 |
| 11 | 27-06-2022 | 1220101977 | 17378 |
| 12 | 27-06-2022 | 1220101978 | 38941 |
| 13 | 29-07-2022 | 1220102434 | 28952 |
| 14 | 29-07-2022 | 1220102435 | 5013 |
| 15 | 29-07-2022 | 1220102436 | 3805 |
| 16 | 29-07-2022 | 1220102437 | 33303 |
| 17 | 27-08-2022 | 1220102898 | 49982 |
| 18 | 27-08-2022 | 1220102899 | 5950 |

| | | | |
|---|---|---|---|
| 19 | 27-08-2022 | 1220102900 | 2140 |
| 20 | 27-08-2022 | 1220102901 | 26203 |
| 21 | 29-09-2022 | 1222300132 | 37247 |
| 22 | 29-09-2022 | 1222300133 | 5292 |
| 23 | 29-09-2022 | 1222300134 | 4977 |
| 24 | 29-09-2022 | 1222300135 | 55095 |
| 25 | 26-10-2022 | 1220105943 | 15272 |
| 26 | 26-10-2022 | 1220105944 | 5572 |
| 27 | 26-10-2022 | 1220105945 | 10079 |
| 28 | 26-10-2022 | 1220105946 | 32318 |
| 29 | 29-12-2022 | 1220106973 | 22020 |
| 30 | 29-12-2022 | 1220106974 | 5616 |
| 31 | 29-12-2022 | 1220106975 | 4706 |
| 32 | 29-12-2022 | 1220106976 | 36414 |
| 33 | 27-01-2023 | 1220107677 | 54714 |
| 34 | 27-02-2023 | 1220108433 | 127697 |
| 35 | 31-02-2023 | 1220109153 | 82052 |
| | | | 1086867 |

നവംബർ മാസം നികുതി വരവ് ഉണ്ടായിട്ടില്ലായെന്നും ജനുവരി, ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ ഒരു രസീത് പ്രകാരമാണ് നികുതി ഒടുക്ക് വന്നിട്ടുള്ളതെന്നും കാണുന്നു. മറ്റുള്ള മാസങ്ങളിൽ നാലു തീയറ്റുകളിൽ നിന്നുള്ള വിനോദനികുതി പ്രത്യേകം രസീത് മുഖാന്തിരമായിരുന്നു ഈടാക്കിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകൾ കൃത്യമായി തയ്യാറാക്കി കുടിശ്ശിക ഉണ്ടെങ്കിൽ ചട്ടപ്രകാരമുള്ള പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-21 പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല**

കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, റൂൾ 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം ചട്ടം 14 പ്രകാരം അപേക്ഷകന് പഞ്ചായത്ത് ഭരണസമിതിയ്ക്ക് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം ഭരണസമിതി തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ ഭരണസമിതി 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി അപേക്ഷകന് കരുതാവുന്നതാണ്. താഴെപ്പറയുന്ന പെർമിറ്റുകളിൽ 30 ദിവസത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല. കൂടാതെ തുടർ നടപടികൾക്ക് അപേക്ഷകർ ഭരണസമിതിയ്ക്ക് അപേക്ഷ നല്കിയതിന്റെയും കമ്മറ്റി അതിൽ തീരുമാനം എടുത്തതിന്റെയും രേഖകളും ഇല്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ വിലാസം | കെട്ടിടത്തിന്റെ തരം | അപേക്ഷ നമ്പർ/ തീയതി | പെർമിറ്റ് അനുവദിക്കേണ്ട/ നിരസിക്കേണ്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ദി ട്രസ്റ്റി, സെന്റ് തോമസ് മാർത്തോമ ചർച്ച് | വിദ്യാഭ്യാസം | 3425/23 10.05.23 | 09.06.23 | |

| | | | | | |
|---|---|---|---|---|---|
| 2 | സെന്റ് ീഫൻ ഓർത്തോഡക്സ് ചർച്ച് | റസിഡൻഷ്യൽ | 3812/23 20.05.23 | 19.06.23 | |
| 3 | റാംശങ്കർ കഞ്ഞിക്കലേത്ത്, ഓലകെട്ടിയമ്പലം | കൊമേഴ്സിയൽ | 5405/ 24.07.23 | 23.08.23 | |
| 4 | ബാബുരാജ്.എസ് അനുഗ്രഹ, ഭരണിക്കാവ് | റസിഡൻഷ്യൽ | 5666/23 05.08.23 | 04.09.23 | |
| 5 | അജിമോൻ.പി.ജി പുത്തൻപുര വടക്കേതിൽ, കറ്റാനം | റസിഡൻഷ്യൽ | 6989/23 16.10.23 | 15.11.23 | |
| 6 | റോയി ചെറിയാൻ തൂവപ്പള്ളി, റോയ് കോട്ടജ്, പത്തിയൂർ | റസിഡൻഷ്യൽ | 7468/23 08.11.23 | 07.12.23 | |
| 7. | ഷിജു.&രാജി ഷിജുഭവൻ, കട്ടച്ചിറ | റസിഡൻഷ്യൽ | 7555/23 13.11.23 | 12.12.23 | |
| 8 | ജോയി ജോർജ്ജ്& മിനിജോർജ്ജ് കോട്ടയിൽ, ഭരണിക്കാവ് | റസിഡൻഷ്യൽ | 7925/ 01.12.23 | 31.12.23 | |
| 9 | ഷിജുമാത്യു നെല്ലികൊമത്ത് പാലവിളയിൽ, കറ്റാനം | റസിഡൻഷ്യൽ | 8032/23 07.12.23 | 06.01.24 | |
| 10 | സരസ്വതി പന്തലാവിളയിൽ പടീറ്റേതിൽ, കട്ടച്ചിറ | റസിഡൻഷ്യൽ | 8213/23 18.12.23 | 17.01.24 | |
| 11 | എലിസെബത്ത് റോയി തൂവമ്പള്ളിൽ റോയൽ കോട്ടേജ് | റസിഡൻഷ്യൽ | 314/24 16.01.2024 | 15.02.2024 | |
| 11 | സക്കറിയ കുഞ്ഞ് കുറ്റിയിൽ, ഇലപ്പികുളങ്ങര | റസിഡൻഷ്യൽ | 370/2024 19.01.24 | 18.02.24 | |
| 12 | പ്രേംകുമാർ തിരുവോണം, കട്ടച്ചിറ | റസിഡൻഷ്യൽ | 524/24 29.01.24 | 28.02.24 | |
| 13 | ശശി ഗോകുലം വീട്, കല്ലുമല | റസിഡൻഷ്യൽ | 897/24 12.02.24 | 11.03.24 | |
| 14 | അഭിഷേക് അശ്വതി ഭവനം, പെരിങ്ങാല | റസിഡൻഷ്യൽ | 898/24 12.02.24 | 11.03.24 | |

| | | | | | |
|---|---|---|---|---|---|
| 15 | അനിൽ കുമാർ സുരേന്ദ്രൻ സൗപർണ്ണിക, പുള്ളിക്കണക്ക്. | റസിഡൻഷ്യൽ | 899/24 12.02.24 | 11.03.24 | |
| 16 | വി.എം.അലക്സാണ്ടർ വള്ളിനാലത്ത്, പള്ളിക്കൽ | റഡിൻഷ്യൽ | 1047/24 19.02.24 | 18.03.24 | |
| 17 | സുനിൽ കുമാർ റ്റി.എസ്.നിവാസ്, കട്ടച്ചിറ | റസിഡൻഷ്യൽ | 1055/24 19.02.24 | 18.03.24 | |

അപേക്ഷകന് കൽപിതാനുമതി ലഭിക്കാനിടയാക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദികളാകുന്നതാണ്. അപേക്ഷയിന്മേൽ തീരുമാനം എടുക്കാത്ത സംഗതികളിൽ ഒക്യുപ്പേഷൻ ഇല്ലാതെ കെട്ടിടങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതയും ഉണ്ടാകുന്നു. ആയത് പരിഗണിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-22 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.**

1. ലൈസൻസിനുള്ള അപേക്ഷകളിൽ നിക്ഷേപ വിവരങ്ങൾ ഇല്ല.

ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളുടെ അപേക്ഷകളിലും സ്ഥാപനത്തിന്റെ മൂലധനം സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നില്ല. മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങളില്ലാതെ ലൈസൻസ് ഫീസ് എപ്രകാരമാണ് നിശ്ചിയക്കുന്നതെന്നതും വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപനം | മൂലധനനിക്ഷേപം | ഫീസിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|
| 1 | 4/562 A&B | ഷൈമാസ് റൈഡേഴ്സ്, ഹോണ്ട, കറ്റാനം | ചേർത്തിട്ടില്ല | 1000 |
| 2 | 9/475 | ബെസ്റ്റ് ബോർമ, കറ്റാനം | ചേർത്തിട്ടില്ല | 1000 |
| 3 | 8/579 | മുല്ലവള്ളിൽ ബേക്കറി & സ്റ്റേഷനറി, കറ്റാനം | ചേർത്തിട്ടില്ല | 300 |
| 4 | 16/176A | പഴഞ്ഞിയിൽ സ്റ്റോഴ്സ്,തെക്കേ മങ്കുഴി | ചേർത്തിട്ടില്ല | 200 |
| 5 | 20/214 | ധന്വന്തരി അങ്ങാടിക്കട, പൂജക്കട, കട്ടച്ചിറ | ചേർത്തിട്ടില്ല | 300 |
| 6 | 4/497 | ജയാ ഹെയർ ഡ്രസ്സിങ്ങ് | ചേർത്തിട്ടില്ല | 200 |

| | | | | |
|---|---|---|---|---|
| | | സെന്ററർ, കറ്റാനം | | |
| 7 | 20/600 | ജനറൽ സ്റ്റോർസ്, മൂന്നാംകുറ്റി | ചേർത്തിട്ടില്ല | 200 |
| 8 | 7/292 | ജോസ് സ്റ്റോഴ്സ്, ആശാരി മുക്ക് | ചേർത്തിട്ടില്ല | 300 |
| 9 | 2/98 | എബനേസർ സ്റ്റോർ, വള്ളത്തവഴി | ചേർത്തിട്ടില്ല | 200 |
| 10 | 6/20B | മഹാദേവ സ്റ്റോർസ്, ഭരണിക്കാവ് | ചേർത്തിട്ടില്ല | 300 |
| 11 | 15/344A | കൊച്ചിരേത്ത് സ്റ്റോർ, തെക്കേമങ്കുഴി | ചേർത്തിട്ടില്ല | 300 |
| 12 | 18/489A | ഐശ്വര്യ ടൈൽസ്, കറ്റാനം | ചേർത്തിട്ടില്ല | 1000 |

മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തി അതനുസരിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ട്രേഡേഴ്സ് ലിസ്റ്റ് കാലികകമാക്കിയിട്ടില്ല

എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയന്ന് ഉറപ്പ് വരുത്തുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടയ്ക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1996-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസോട് കൂടി മാത്രമേ പ്രവർത്തിക്കാവൂ. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചതായും രേഖയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/2024 തീയതി 21.08.2024) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമെന്ന് മറുപടി ഹാജരാക്കി.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-23 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നില്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപന ഉടമയുടെ | സ്ഥാപനം | വാർഡ് |
|---|---|---|---|

| നമ്പർ | പേര്, അഡ്രസ്സ് | | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ജയലക്ഷ്മി വരിക്കോലിൽ, ദേവി വിലാസം, കട്ടച്ചിറ | മെഡിക്കൽ ലാബോറട്ടറി | IX-308A |
| 2 | പൊന്നമ്മ യോഹന്നാൻസിയോൺ ഹൗസ്, പള്ളിക്കൽ | ജെ.ജെ.ഡയഗനോസ്റ്റിക് സെന്റർ | IV-446 C,D |
| 3 | ഡോ: മാത്യു സുനിൽ കോലേകുളങ്ങര, വാലുതുണ്ടിൽ, വെട്ടിക്കോട് | ഡെന്റൽ ക്ലിനിക് | XX-685 |
| 4 | വിനിത, പുനമുട്ടത്ത് കിഴക്കേതിൽ, സൗത്ത് മങ്കുഴി | മെഡിക്കൽ ലാബ് | XX-602 |
| 5 | ബിന്ദു ഹരി പ്രസാദ് ഉമ്മപ്പറമ്പിത്തറയിൽ, പത്തിയൂർ പടിഞ്ഞാറ് | മെഡിക്കൽ ലാബ് | XX-1 |

ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് ലൈസൻസിന്റെ ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലായെന്നും വാർഷിക പുതുക്കൽ നടത്തിയിട്ടില്ലായെന്നും കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളെ രജിസ്ട്രേഷൻ, വാർഷിക പുതുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 സർവ്വീസ് പ്രൊവൈഡേഴ്സ് ാപിക്കുന്ന പോളിന് വാടക ഈടാക്കുന്നില്ല

23–01-2020 തീയതിയിലെ ജി.ഒ (ആർ.ടി) 89/2020/Pwd നമ്പർ ഉത്തരവു പ്രകാരം TSP/*ISP* സർവ്വീസ് പ്രൊവൈഡേഴ്സ് ാപിക്കുന്ന പോൾ ഒന്നിന് വാർഷിക വാടക 360/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 3-01-2024 ലെ ROW/1092804/102571 പ്രകാരം 10 പോളുകൾ സ്ഥാപിക്കുന്നതിന് ജിയോ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അനുമതി ഉത്തരവ് നമ്പർ | പോളുകളുടെ എണ്ണം | ഈടാക്കേണ്ട വാടക |
|---|---|---|---|
| 1 | ROW/1092804/ 102571 | 10 | 10@360 = 3600 |
| | ആകെ | | 3600 |

പോളുകൾക്ക് വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി 21-08-2024) മറുപടി ലഭിച്ചില്ല. ആകയാൽ മേൽപ്പറഞ്ഞ നിരക്കിൽ TSP/*ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളിന്റെ വാടക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ ഫീസ് തനതുഫണ്ടിലേക്ക് ഒടുക്കിയില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ

ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഇ-ടെണ്ടർ മുഖേന ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2018-19 വരെയുള്ളത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 2019 ജൂലൈ മുതൽ 2024 മാർച്ച് വരെ ടെണ്ടർ ഫീസ് ഇനത്തിൽ 3,57,306/- രൂപ തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം.21 തീയതി 18-08-2024) മറുപടിയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഗ്രാമ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗിന് 2020-21 വർഷം മുതൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്നതിന് എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രോഡക്ട് കോഡുമായി ബന്ധപ്പെട്ട പശ്നങ്ങളുള്ള കാരണം മാപ്പിംഗ് ചെയ്ത് ഉപയോഗപ്രദമാക്കാൻ കഴിയാത്ത സാഹചര്യമാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. മേൽ സാഹചര്യത്തിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക നിലവിലും എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് അടച്ചുപോരുന്നത്.ഇ-ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിക്കുവാനുള്ള 357306/-രൂപ തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പുതിയതായി അക്കൗണ്ട് ആരംഭിച്ച് മാപ്പിംഗ് നടത്തി ഉപയോഗപ്രദമാക്കേണ്ടതാണ്.

**1-26 പശ്ചാത്തല മേഖലയിലെ പദ്ധതികൾ- ധനവിനിയോഗത്തിൽ ഗണ്യമായ കുറവ്**

ഗ്രാമപഞ്ചായത്തിലെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ, നിർവ്വഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ മാത്രമാണ് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയിട്ടുള്ളത്. ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും ഏറ്റെടുത്ത പ്രൊജക്ടുകളിൽ പൂർണ്ണമായും നടപ്പാക്കിയതായി കാണുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|
| സെക്രട്ടറി | 33 | 19 | 14 |
| അസി. എഞ്ചിനീയർ | 45 | 9 | 36 |
| അസി.സെക്രട്ടറി | 15 | 11 | 4 |
| വെറ്ററിനറി സർജൻ | 10 | 9 | 1 |
| കൃഷി ഓഫീസർ | 4 | 4 | 0 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 17 | 11 | 6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1 | 2 |
| ഹെഡ്മിസ്ട്രസ്സ് | 5 | 4 | 1 |
| വിഇഒ | 29 | 17 | 12 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 15 | 12 | 3 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 4 | 1 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 3 | 1 |
| ആകെ | 183 | 102 | 81 |

നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൽ പ്രത്യക്ഷമായ കുറവ് തൻവർഷം വന്നിട്ടുണ്ട്. 44.86% പ്രോജക്ടുകളാണ് നടപ്പാക്കിയത് (ഭാഗീകമായി നടപ്പാക്കിയത് ഉൾപ്പെടെ). കൂടാതെ വകയിരുത്തിയ തുകയുടെ 46.28% മാത്രമാണ് വിനിയോഗിക്കാനായത്. സംരക്ഷണ ഗ്രാന്റിനത്തിൽ തൻവർഷം പഞ്ചായത്തിന് ലഭ്യമായ 20969350/-രൂപയിൽ 12,07,444/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. അതായത് ലഭിച്ച തുകയുടെ 5.7% മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത് .സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് 24 പദ്ധതികൾ ആവിഷ്കരിച്ചിരുന്നെങ്കിലും 2 പദ്ധതികൾ റോഡ് വിഭാഗത്തിലും 2 പദ്ധതികൾ നോൺ റോഡ് വിഭാഗത്തിലും മാത്രമായും നടപ്പാക്കി. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ 1,97,61,906/-രൂപ ഇപ്രകാരം സംരക്ഷണ ഗ്രാന്റിനത്തിൽ നിന്ന് മാത്രം നഷ്ടപ്പെട്ടു.

മേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപാദനം (പൊതുവിഭാഗം) | 12744250 | 5844997 | 45.86% |
| സേവനം (പൊതുവിഭാഗം) | 105203103 | 57941176 | 55.08% |
| പശ്ചാത്തലം (പൊതുവിഭാഗം) | 45232195 | 1990051 | 4.41% |
| സേവനം (പട്ടികജാതി വിഭാഗം) | 49660285 | 28216973 | 56.82% |
| ഉൽപാദനം (പട്ടികജാതി വിഭാഗം) | 2658480 | 706860 | 26.58% |
| ആകെ | 212939477 | 98556650 | 46.28% |

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമ പ്രവൃത്തികൾ ലക്ഷ്യമിട്ട് രൂപീകരിക്കുന്ന പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുകയിൽ ചെലവ് ശതമാനത്തിൽ വന്നിട്ടുള്ള കുറവ് നിർവഹണഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ലഭ്യമായ ഫണ്ടിന്റെ വിനിയോഗം ഉറപ്പാക്കി പൊതുജനോപകാരപ്രദമായ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 അക്കൌണ്ട് നമ്പർ നൽകിയതിൽ അപാകം - കെ.എം.എസ്.സി.എൽ ന് നൽകിയ 900000/-രൂപ അക്കൌണ്ടിൽ ക്രഡിറ്റായില്ല**

പ്രോജക്ട് നമ്പർ – എസ്.34/24
സാന്ത്വന പരിചരണം
അടങ്കൽ – 12 ലക്ഷം രൂപ
ആകെ ചെലവ് – 641513/- രൂപ
മരുന്നിനായി കെ.എം.എസ്.സി.എൽ ന് നൽകാൻ പിൻവലിച്ചത് – 2 ലക്ഷം രൂപ (വികസന ഫണ്ട് (ജനറൽ))
(ബിൽ നം. 0611877, 03.10.2023 – 1 ലക്ഷം രൂപ
ബിൽ നം.0922703, 12.12.2023 – 1 ലക്ഷം രൂപ)
പ്രോജക്ട് നം. എസ് 7/24 – കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ, – 19 ലക്ഷം രൂപ
മരുന്നിനായി കെ.എം.എസ്.സി.എൽ ന് നൽകാൻ പിൻവലിച്ചത് – 7 ലക്ഷം രൂപ (സംരക്ഷണ ഗ്രാൻറ് (റോഡിതരം))
(ബിൽ നം. 0611624, 03.10.2023 – 7 ലക്ഷം രൂപ)

പ്രോജക്ട് നം. എസ്.34/24- സാന്ത്വന പരിചരണം; പ്രോജക്ട് നം. എസ് 7/24 – കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) വഴി മരുന്ന് ലഭ്യമാക്കുന്നതിനായി ആകെ ഒൻപത് ലക്ഷം രൂപ സ്ഥാപനത്തിന് നൽകുവാൻ ട്രഷറിയിൽ നിന്ന് പിൻവലിച്ചെങ്കിലും സ്ഥാപനത്തിന്റെ അക്കൌണ്ട് നമ്പർ നൽകിയതിലെ പിശക് മൂലം തുക കെ.എം.എസ്.സി.എൽ-ന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാതെ കാണുന്നു. പഞ്ചാബ് നാഷണൽ ബാങ്കിന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലെ 3624005700000027 എന്ന അക്കൌണ്ടിന് പകരം 362400570000027 എന്ന അക്കൌണ്ട് നമ്പർ (ഒരു പൂജ്യം കുറവ്) ബില്ലിൽ ചേർത്തത് കാരണമാണ് തുക ക്രഡിറ്റ് ചെയ്യാതിരുന്നത്. ഇതുമൂലം പ്രസ്തുത 9 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല. അക്കൌണ്ട് നമ്പരിലെ പിശക് 2023-24 സാമ്പത്തിക വർഷത്തിൽ തന്നെ കണ്ടെത്തിയിരുന്നെങ്കിൽ അത് പരിഹരിക്കാനാകുമായിരുന്നു. എന്നാൽ അത് ചെയ്യാതിരുന്നതിനാൽ പ്രസ്തുത പണം സംസ്ഥാന സഞ്ചിത നിധിയിലേക്ക് മാറ്റപ്പെട്ടു. ഇതിൽ 2 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 7 ലക്ഷം രൂപ റോഡിതര സംരക്ഷണ ഗ്രാന്റുമാണ്. യഥാസമയം പണം ക്രഡിറ്റാകാതിരുന്നതിനാൽ മരുന്നും ലഭ്യമായില്ല. പിൻവലിക്കപ്പെട്ട പണം ക്രഡിറ്റായിട്ടുണ്ടോ എന്ന് യഥാസമയം പരിശോധിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ പണം തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/23-24, 12.08.24) ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയിൽ നിന്ന് നോൺ പേയ്മന്റ് സർട്ടിഫിക്കറ്റ് വാങ്ങി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും അനന്തര നടപടികൾക്കായി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കി. വിവരം സർക്കാരിനെ ബോധ്യപ്പെടുത്തി പണം തിരികെ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-28 ലബോറട്ടറി ഉപകരണം വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല</u>**

ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 'കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ' എന്ന പ്രോജക്ടു വഴി 4,97,460/- രൂപ മുടക്കി എ.ബി.സി ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, നാഗമ്പടം, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ മുഖേന " Mispa CXL Pro Plus Fully Automated Analyser" എന്ന ഉപകരണം വാങ്ങിയിരുന്നു. സ്ഥാപനം ലഭ്യമാക്കിയ 04.03.2024 ലെ B2C/05043/23-24 നമ്പർ ബിൽ പ്രകാരം 18 ശതമാനം ചരക്ക് സേവന നികുതി കൂടി അടങ്ങുന്നതാണ് പ്രസ്തുത തുക. ആകെ ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമായതിനാൽ സാധനവിലയുടെ ഒരു ശതമാനം വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതികൾ TDS ആയി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതുണ്ട്. പ്രസ്തുത ബിൽ പ്രകാരം സാധനവില (ജി.എസ്.റ്റി ഒഴികെ)

421576/- രൂപയാണ്. ഇതിന്റെ ഒരു ശതമാനമായ 4216/- രൂപ വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതികൾ കുറവ് ചെയ്യേണ്ടതായിരുന്നു. അതായത് ആകെ 8432/- രൂപ ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുകയും ബാക്കി 489028/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകുകയുമായിരുന്നു വേണ്ടിയിരുന്നത്. ചരക്ക് സേവന നികുതികൾ കുറവ് ചെയ്യാതിരുന്നതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/23-24, 12-08-2024ന്) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി തുക അടയ്ക്കുന്നതാണെന്ന് അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനം ഇതുമായി ബന്ധപ്പെട്ട GST പൂർണ്ണമായും ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം ചരക്ക് സേവന നികുതിയുടെ TDS ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 8432/- രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

**1-29 ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാക്കിയില്ല**

ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി പൊതു മാർക്കറ്റിൽ വിശ്രമകേന്ദ്രവും ടോയ്‌ലെറ്റും വിഭാവനം ചെയ്ത് നിർമ്മാണം നടത്തിയിരുന്നു. ഇതിനായി ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് 2022-23 ൽ പണം ചെലവഴിച്ചിട്ടുണ്ട്.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 282000 | 282000 | 493/24.03.23 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 658000 | 528517 | 496/24.03.23 |
| | | 810517 | |

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന് പിറകിലായി ജനകീയ ഹോട്ടലിന് തെക്ക് വശത്താണ് പദ്ധതി പ്രകാരമുള്ള നിർമ്മിതി സ്ഥിതിചെയ്യുന്നത്. ടേക്ക് എ ബ്രേക്ക് എന്ന സങ്കൽപ്പത്തിന് ഒട്ടും തന്നെ ഉതകുന്ന സ്ഥലത്തല്ല നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 2023-24 വർഷം ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി പണം ചെലവഴിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം. 177/2023-24 ടേക്ക് എ ബ്രേക്ക് വെറ്ററിനറി ഉപകേന്ദ്രം എന്നിവയുടെ വൈദ്യുതീകരണം). പ്രോജക്റ്റ് ഫയൽ പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള എക്സോസ്റ്റ് ഫാനിൽ ഒരെണ്ണം നിലവിൽ ഉപയോഗരഹിതമായി വൃത്തിരഹിതമായി വാതിലുകൾ ഉൾപ്പെടെ നശിച്ചുപോയിട്ടുള്ള ബാത്ത് റൂം കെട്ടിടത്തിലാണ് സ്ഥാപിച്ചത്. നിലവിലും പ്രവർത്തനസജ്ജമല്ലാത്ത ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി തൻവർഷം 132075/- രൂപ വീണ്ടും ചെലവഴിച്ചത് പദ്ധതി പണത്തിന്റെ ദുർവിനിയോഗമായി മാത്രമെ കാണാനാകൂ. ആകയാൽ ഇപ്രകാരം ചെലവഴിച്ച 132075/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (വൗച്ചർ നം-22301225/25-03-24) ടേക്ക് എ ബ്രേക്ക് കെട്ടിടം, ചേർന്നുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് കെട്ടിടം എന്നിവ പ്രവർത്തനസജ്ജമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-30 വെള്ളക്കരം ഒടുക്കുന്നതിൽ വികസനഫണ്ടിന്റെ വിനിയോഗം**

പ്രോജക്ട് നമ്പർ – S003/24
വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ
നിർവഹണം :-സെക്രട്ടറി
അടങ്കൽ:--16,00,000/-(സി.എഫ്.സി ഗ്രാന്റ് (ടൈഡ്))
സാങ്ഷൻ നം.456 തീയതി 16-03-2024 തുക 1600000/-

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പ്രതിമാസ വെള്ളക്കരത്തിന്റെ ബിൽ ഒടുക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പ്രോജക്റ്റിൽ 16,00,000/- രൂപ സി.എഫ്.സി ഗ്രാന്റ്

ടൈഡിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 4/23 മുതൽ 2/24 വരെയുള്ള കാലയളവിൽ തനതു ഫണ്ടിൽ നിന്നും അടച്ചുപോന്ന പ്രതിമാസ വാട്ടർചാർജ്ജാണ് പിന്നീട് സി.എഫ്.സി ഗ്രാന്റിൽ നിന്ന് റികൂപ്പ് ചെയ്തത്. തനത് ഫണ്ട് ലഭ്യമാണെന്നിരിക്കെ പ്ലാൻ ഫണ്ട് ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവിനുൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. മാത്രമല്ല, കുടിവെള്ള പ്രോജക്ടുകൾക്കായാണ് ടൈഡ് ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/17-08-2024) മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം ഒടുക്കുവാൻ സി.എഫ്.സി ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതിയില്ലാത്തതിനാൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക 16,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 എസ്.എസ്.കെ. വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.കെ. വിഹിതം നൽകൽ |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ അവാർഡ് |
| സാംങ്ഷൻ നമ്പർ, തുക | 463/23-24, 600000 തീയതി 21.03.24 |

ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ എസ്.എസ്.കെ. പദ്ധതി വിഹിതമായി 600000/- രൂപ എസ്.എസ്.കെ യുടെ ബ്ലോക്ക് ബാങ്ക് കോ-ഓർഡിനേറ്റർ (സമഗ്രശിക്ഷ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം നം.15/2024 പ്രകാരം സാക്ഷ്യപത്രം ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ മറുപടി ലഭ്യമാക്കിയില്ല. എസ്.എസ്.കെ- യിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി വിനിയോഗിച്ച 600000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല

പുതുവാക്കൽ റോഡ് കോൺക്രീറ്റിംഗ്
എഫ്.റ്റി.ഒ നം.0121EATPAYREQ07122023161403 തീയതി 07-12-2023

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് (ജി.എസ്.ടി കഴിച്ചിട്ടുള്ള തുകയുടെ) 2% തുക ജി.എസ്.ടി.യുടെ TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 30-07-2019 ലെ സർക്കുലർ നം.957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി TDS തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2023-24 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്.ടി.യുടെ TDS ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | 2% ജി.എസ്.ടി (TDS) |
|---|---|---|---|
| പുതുവാക്കൽ റോഡ് | എ.ഷാനവാസ് | 354961 (ജി.എസ്.ടി | 7099 |

| | | | |
|---|---|---|---|
| കോൺക്രീറ്റിംഗ് | | കഴിച്ചിട്ടുള്ള തുക) | |
| ആകെ | | | |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28 തീയതി 21-08-2024) ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും ജി.എസ്.ടി TDS ഇനത്തിൽ ഈടാക്കേണ്ട 7099/- രൂപ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 വിനിയോഗ വിവരങ്ങളില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളിൽ വിനിയോഗ വിവരങ്ങൾ ലഭ്യമായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| | |
|---|---|
| പ്രോജക്റ്റ് നം-11/23-24 | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കലും അനുബന്ധ പ്രവർത്തനങ്ങളും |
| അടങ്കൽ | 1400000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം- | 363/28-01-24 |
| ചെലവ് | 970560 |

(ബി)

| | |
|---|---|
| പ്രോജക്റ്റ് നം-117/23-24 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 2,00,000 (തനത് ഫണ്ട്) |
| ബിൽ നം- | 90/11-07-24 തുക 50767/-രൂപ<br>314/29-12-2023 തുക 54469/-രൂപ |
| ചെലവ് | 105236 |

വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതുവരെ മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച 1075796/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനനിർമ്മാണം - അവലോകനം

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ച 2018-19 മുതൽ 2023-24 വരെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ 374 ഗുണഭോക്താക്കളാണ് കരാർ വച്ച് ഗൃഹനിർമ്മാണം ആരംഭിച്ചത്. ഇതിൽ 300 വീടുകളുടെ പണി പൂർത്തിയാക്കുകയും മുഴുവൻ ധനസഹായവും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 2023-24 ൽ മാത്രം പട്ടികജാതി വിഭാഗത്തിൽ 65 പേരും പൊതുവിഭാഗത്തിൽ 113 പേരും കരാർ വച്ചതിൽ യഥാക്രമം 45, 70 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി. 2022-23 വരെ കരാർ വച്ചവരിൽ 9 ഗുണഭോക്താക്കൾ ഇതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. ഇതിൽ തന്നെ 2021-22 ൽ ആദ്യ ഗഡു (40000 രൂപ) കൈപ്പറ്റിയ ശ്രീമതി ശോഭ, ശിവഗിരി, ശ്രീമതി ദിവ്യ രാജേന്ദ്രൻ, തേക്കനാഴിയിൽ; ശ്രീമതി ജാനമ്മ ദാമോദരൻ, മഞ്ഞാടിത്തറ എന്നിവർ ഇതുവരെ തുടർപ്രവർത്തനം നടത്തിയിട്ടില്ല. ഇതുപോലെ 2022-23 ൽ ആദ്യ ഗഡു കൈപ്പറ്റിയ സുശീല, ചാലയ്ക്കൽ എന്ന ഗുണഭോക്താവും പണി പൂർത്തിയാക്കിയില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്നപക്ഷം അവർ ഇതിലേക്കായി കൈപ്പറ്റിയ തുക പലിശസഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ശേഷിച്ച ഗുണഭോക്താക്കളുടെ വീടുകളുടെ പണി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈഫ് പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് 2023-24 ൽ 2.674 കോടി രൂപ കടമെടുത്തിട്ടുണ്ട്. 2018-19 മുതൽ 2022-23 വരെ 1.445 കോടി രൂപ വായ്പ എടുത്തിരുന്നു. 2023-24 അവസാനം നിലനിൽക്കുന്ന കടം 2.977 കോടി രൂപയുടേതുമാണ്.

## 1-35 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ചുള്ള അവലോകനം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 20 വാർഡുകളിലായി 35 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 27 എണ്ണം സ്വന്തം കെട്ടിടത്തിലും 06 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 02 അങ്കണവാടികൾ വാടകരഹിതമായി മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. 35 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. എന്നാൽ ഒരു അങ്കണവാടിയിൽ പോലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഇല്ല. 22 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 35 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 35 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. ഒറ്റ മുറിയായി പ്രവർത്തിക്കുന്ന അങ്കണവാടികൾ ഇല്ല. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. 2 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിച്ചിട്ടില്ല. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേന - അവലോകനം

### ഹരിത കർമ്മസേനയുടെ പ്രവർത്തനം

ഇരുപത്തിയൊന്ന് വാർഡുകളുള്ള ഭരണിക്കാവ് ഗ്രാമപ്പഞ്ചായത്തിലെ ജനസംഖ്യ 44033 ആണ്. 10145 വീടുകളും 557 സ്ഥാപനങ്ങളുമുള്ള ഈ പഞ്ചായത്തിൽ ഇവിടങ്ങളിലെല്ലാം ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്. അടഞ്ഞ് കിടന്ന വീടുകളിൽ അവധി ദിവസങ്ങളിലുൾപ്പടെ എത്തി യൂസർഫീ ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ യൂസർഫീ അടച്ചതിന്റെ രസീത് നിർബന്ധമാക്കിയിട്ടുണ്ട്. യൂസർഫീ കുടിശ്ശിക സഹിതം അടച്ചുവെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് നൽകുന്നുള്ളു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തൊഴിലുറപ്പ് സൈറ്റുകൾ എന്നിവിടങ്ങളിൽ യൂസർഫീ ഒടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും സ്ഥാപന ഉടമകളെയും വ്യാപാരി, വ്യവസായികളെയും ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലുടനീളം ഇത് സംബന്ധിച്ച നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. ഹരിതമിത്രം ആപ്പ് വഴിയും വാതിൽപ്പടി ശേഖരണം നടത്തപ്പെടുന്നു. എന്നിട്ടും നൂറ് ശതമാനം വീടുകളേയും സ്ഥാപനങ്ങളേയും പദ്ധതിക്കുള്ളിൽ എത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം 539 ഗൃഹങ്ങൾ, 154 സ്ഥാപനങ്ങൾ എന്നിവ യുസർഫീ നൽകിയിട്ടില്ല. ഇത് യഥാക്രമം 5.31, 27.65 ശതമാനമാണ്. യഥാക്രമം 80 വീടുകളും 19 സ്ഥാപനങ്ങളും യുസർഫീ ഒടുക്കാത്ത കറ്റാനം ഈസ്റ്റ് വാർഡാണ് ഇക്കാര്യത്തിൽ വലിയ നിസംഗത പുലർത്തുന്നത്.

മാലിന്യശേഖരണത്തിനുള്ള കലണ്ടർ അച്ചടിച്ച് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിമിതി നിമിത്തം കലണ്ടർ അനുസരിച്ചുള്ള മാലിന്യം ശേഖരണം അസാദ്ധ്യമാകുന്നതായി ചുമതലയുള്ള വി.ഇ.ഒ വ്യക്തമാക്കിയിട്ടുണ്ട്. പഴകിയ വസ്ത്രങ്ങൾ ഇക്കാലയളവിനുള്ളിൽ ഒരിക്കൽ മാത്രമാണ് ശേഖരിക്കാനായത്. കുപ്പിച്ചില്ലുകൾ, ഇ-വേസ്റ്റ്

മുതലായവയുടെ ശേഖരണത്തിലും കലണ്ടർ പാലിക്കാനാകുന്നില്ല. വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് ഗ്രാമസഭകൾ വഴിയും, വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങളിൽ എത്തിച്ചിട്ടുമുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകുകയും അവരുടെ തുടർന്നുള്ള സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരം തിരിച്ച് അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായും എം.സി.എഫ്-ൽ എത്തിച്ച് തരം തിരിക്കുന്നു.

**ബോധവൽക്കരണ പ്രവർത്തനങ്ങൾ**

സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് നടത്തുന്ന മാലിന്യശേഖരണ സംസ്ക്കരണ പ്രക്രിയകൾ ജനങ്ങളിലെത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും, കുടുംബശ്രീ മുഖേനയും വിവിധ ഘട്ടങ്ങളിലായി 58 ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് സർവ്വേ പൂർത്തിയാക്കി. ഇത് കൂടാതെ ബയോബിന്നുകൾ വിതരണം ചെയ്തുകൊണ്ട് ഉറവിടത്തിൽ തന്നെ ജൈവമാലിന്യസംസ്കരണം സാധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം**

41 ഹരിതകർമ്മസേനാംഗങ്ങളുടെ സേവനമാണ് പ്രയോജനപ്പെടുത്തി വരുന്നത്. ഇവർക്ക് ശരാശരി 8837/- രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**മാലിന്യം നീക്കം ചെയ്യൽ**

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം ആദ്യം മിനി എം.സി.എഫ് – ലേക്കും തുടർന്ന് എം.സി.എഫ്-ലേക്കും മാറ്റി തരംതിരിക്കുന്നു. എല്ലാ വാർഡിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നീക്കത്തിനായി വാടകയ്ക്കെടുത്ത വാഹനമാണ് ഉപയോഗിക്കുന്നത്. സ്വന്തമായി വാഹനം വാങ്ങാൻ പഞ്ചായത്തിനായിട്ടില്ല. തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. ക്ലീൻ കേരള സമയബന്ധിതമായി മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്.

**മാലിന്യ സംസ്കരണം**

മാലിന്യ ശേഖരണ സൗകര്യം മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്തിനുള്ളത്. സംസ്ക്കരണം നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ ഓരോ മിനി എം.സി.എഫ്-കൾ സ്ഥാപിച്ചിട്ടുള്ളതിലേക്ക് ട്രോളികളിൽ മാലിന്യം എത്തിക്കുകയാണ് ചെയ്യുന്നത്. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുമായി(CKC) കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തൻവർഷം വേർതിരിച്ച 18.5 ടൺ മാലിന്യങ്ങൾ സി.കെ.സിയ്ക്ക് കൈമാറുകയും ഈ ഇനത്തിൽ 1,03,998/- രൂപ ലഭ്യമായിട്ടുമുണ്ട്.

**നിയമലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ**

നിരോധിച്ച പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയൽ, കത്തിക്കൽ മുതലായ ലംഘനങ്ങളിൽ നടപടി സ്വീകരിച്ചതിലൂടെ 50,000/- രൂപ പിഴ ഈടാക്കപ്പെട്ടു. എന്നാൽ പ്ലാസ്റ്റിക് നിരോധന നടപടികൾ പൂർണ്ണാർത്ഥത്തിൽ നടപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

**പരിശീലനം**

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം ക്ലീൻ കേരള കമ്പനി മുഖാന്തരം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ് മുഖാന്തിരവും ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് മുഖാന്തിരവും നിരവധി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കുടുംബശ്രീ, ബ്ലോക്ക്

പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ സംരംഭക വികസന പരിശീലനവും നൽകി വരുന്നു.

**റിവ്യൂ മീറ്റിംഗ്**

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്ത് തല റിവ്യു നടത്താറുണ്ട്. ടി യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ. എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കാറുണ്ട്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

മാലിന്യശേഖരണത്തിനുള്ള എം.സി.എഫ്-ന്റെ സ്ഥല പരിമിതിയാണ് പ്രധാന പ്രശ്നം. 34.46 ച.മീ. മാത്രമാണ് ഇതിന്റെ വിസ്തീർണ്ണം. നിലവിൽ മാർക്കറ്റ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 257.15 ച.മീ. വിസ്തീർണ്ണം വരുന്ന ഭാഗം കൂടി ഉപയോഗപ്പെടുത്തിയാണ് തരംതിരിക്കൽ യാഥാർത്ഥ്യമാക്കുന്നത്. സ്ഥലപരിമിതി നിമിത്തം പ്ലാസ്റ്റിക്ക് ഒഴികെയുള്ള അജൈവ മാലിന്യ ശേഖരണം നടക്കുന്നില്ല. പഴയതുണി ഇക്കാലത്തിനിടയിൽ ഒരിക്കൽ മാത്രമാണ് ശേഖരിക്കപ്പെട്ടത്. കുപ്പിച്ചില്ല്, ഇ-വേസ്റ്റ് എന്നിവയുടെ ശേഖരണം നടക്കുന്നില്ല.

പഞ്ചായത്തിൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. ഇത് മാലിന്യ സംഭരണം, കൈയ്യൊഴിയൽ എന്നിവയിൽ സ്ഥലപരിമിതിക്കും കാലതാമസത്തിനും ഇടയാക്കുന്നു. മാലിന്യ നീക്കത്തിനായി സ്വന്തമായി വാഹനം വാങ്ങിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

എ) മാലിന്യശേഖരണം, സംഭരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവ കാര്യക്ഷമമാക്കാൻ കൂടുതൽ സ്ഥലസൌകര്യത്തോടുകൂടിയ എം.സി.എഫ് സ്ഥാപിക്കേണ്ടതും അതിൽ ബൈലിംഗ്, ഷ്രഡിംഗ് യൂണിറ്റുകൾ സജ്ജീകരിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകി പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

ബി) മാലിന്യ നീക്കം കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനുമായി സ്വന്തമായി വാഹനം സജ്ജീകരിക്കേണ്ടതാണ്.

സി) മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

ഡി) ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഇ) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

എഫ്) സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ജി) പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കേണ്ടതും സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്.

എച്ച്) ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട

സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫ്-ൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഐ) പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും അവ എം.സി.എഫ്-ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ജെ) മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കെ) യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

എൽ)അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

എം) പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്ക് മാലിന്യ നിക്ഷേപത്തിനായി പരമാവധി ബിന്നുകൾ പൊതുനിരത്തിൽ സ്ഥാപിക്കേണ്ടതാണ്. എല്ലാ വാർഡുകളിലും ബിന്നുകൾ സ്ഥാപിക്കുന്നതിനും പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനും പദ്ധതി രൂപീകരിക്കാവുന്നതാണ്.
എൻ) പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും പഞ്ചായത്ത് പരിധിക്കുള്ളിൽ നിരോധിച്ച് ബൈലോ പാസ്സാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

### <u>2-1 സർക്കാർ ഉത്തരവ് പാലിച്ചില്ല വസ്തുനികുതി നിർണ്ണയം നടത്താതിരുന്നതുമൂലം 82,580 രൂപയുടെ നഷ്ടം</u>

വാണിജ്യ സ്ഥാപനങ്ങളോടുചേർന്ന് നിർമ്മിക്കപ്പെടുന്ന ഗോഡൌണുകൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടിയാണെന്ന് ഉറപ്പാക്കുന്നതിലും വസ്തുനികുതി ചുമത്തുന്നതിലും ഗ്രാമപഞ്ചായത്ത് പരാജയപ്പെടുന്നത് വരുമാന ചോർച്ചക്കിടയാക്കി.ഗ്രാമപഞ്ചായത്തിലെ പ്രമുഖ വ്യാപാരസ്ഥാപനമായ അശ്വതി മാർബിൾസ് ഗോഡൌണായി ഉപയോഗിക്കുന്ന കെട്ടിടത്തെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്താതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് 82,580 രൂപയുടെ വരവ് നഷ്ടമുണ്ടാക്കി.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും )ചട്ടങ്ങളിലെ ചട്ടം 24 പ്രകാ രം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് സ. ഉ (കൈ)77/2023/തസ്വഭവ തീ.22-03-23 പ്രകാരം 2023 മെയ് 15നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക). എന്നാൽ ഇപ്രകാരമുള്ള ജോലികൾ നിലവിലും പൂർണ്ണമല്ലാത്തത് ഗ്രാമപഞ്ചായത്തിന്റെ

തനതുവരുമാനത്തിന് ചോർച്ചയുണ്ടാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രമുഖ വ്യാപാരസ്ഥാപനമായ അശ്വതി മാർബിൾസ് ഗോഡൌണായി ഉപയോഗിക്കുന്ന കെട്ടിടഭാഗങ്ങളെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയിട്ടില്ല. കെട്ടിടനിർമ്മാണ അനുമതിയോടുകൂടിയല്ല നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും കാണുന്നു. ഓഡിറ്റ് ടീമിന്റെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് വിഭാഗം (LID &EW) പരിശോധന നടത്തുകയും സ്ഥാപനം അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടം വാണിജ്യാവശ്യ ഗോഡൌണായി ഉപയോഗിക്കുന്നുവെന്നും കെട്ടിടത്തിന്റെ വിസ്തൃതി 1003.966 ച.മീറ്റർ ഉണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 2 / 2023-24 തീ. 08-08-24നുള്ള മറുപടി ) . ഈ സ്ഥാപനത്തിനെ നികുതി ചുമത്താത്തത് 82,580 രൂപയുടെ നഷ്ടത്തിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | ഗോഡൌൺ (അശ്വതി മാർബിൾസ്) |
|---|---|
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 75/ച.മീ |
| അടിസ്ഥാന വസ്തുനികുതി | 75072.45 |
| വർദ്ധനവ് (റോഡ് സൌകര്യം 20%) | 15014.49 |
| ഇളവ് (കുറഞ്ഞ തരം മേൽക്കൂര 10%) | 7507.245 |
| വസ്തുനികുതി | 82580 |

കെട്ടിടം പഞ്ചായത്തിന്റെ അനുമതിയോടെ നിർമ്മിച്ചതല്ലാത്തതിനാൽ ക്രമവൽക്കരിക്കേണ്ടതായിട്ടുണ്ട്. ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**2-2 വിനോദനികുതി - ഗ്രാമപഞ്ചായത്തിന് 5,05,753/- രൂപയുടെ നഷ്ടം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 ഗ്രാമപഞ്ചായത്തിന് വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്(കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരം) നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. ( സ.ഉ (കൈ) 112/2019/ത.സ്വ.ഭ.വ./ 31-08-2019) വിനോദ നികുതി സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ (110400101) ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ കറ്റാനം ഗാനം സിനി കോംപ്ലക്സിൽ സ്ഥിതിചെയ്യുന്ന നാലു തീയേറ്ററുകളിൽ നിന്നും ഈ സാമ്പത്തിക വർഷം 4,45,234/- രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | രസീത് നം. | തീയതി | തുക |
|---|---|---|---|---|
| 1 | മാർച്ച് 23 | 1230100707 | 10-05-23 | 22,475 |
| 2 | ഏപ്രിൽ 23 | 1230101201 | 5-06-23 | 38,570 |
| 3 | ജൂൺ 23 | 1230102201 | 14-08-23 | 24,995 |
| 4 | ജൂലൈ 23 | 1230102636 | 15-09-23 | 28,015 |
| 5 | ഓഗസ്റ്റ് 23 | 1230103519 | 10-10-23 | 1,33,202 |

| | | | | |
|---|---|---|---|---|
| 6 | സെപ്റ്റംബർ 23 | 1230104840 | 13-11-23 | 89,746 |
| 7 | ഒക്ടോബർ 23 | 1230106434 | 30-12-23 | 1,08,231 |
| ആകെ | | | | 4,45,234 |

മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം മാർച്ച് 2023 മുതൽ ഫെബ്രുവരി 2024 വരെയുള്ള മാസങ്ങളിലെ വിനോദ നികുതി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ 5 മാസങ്ങളിലെ വിനോദനികുതി തീയേറ്റർ ഉടമ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലായെന്നും ഒടുക്കിയ നികുതി നിർദ്ദിഷ്ട തീയതിക്ക് ശേഷമാണ് ഒടുക്കിയതെന്നും കാണുന്നു. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-9 തീയതി 12-08-2024) മറുപടിയായി ഗ്രാമപഞ്ചായത്ത് തീയേറ്റർ ഉടമയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ചുവടെ ചേർക്കും പ്രകാരം 4,96,845/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ഉടമ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| 1 | മെയ് 23 | 1,87,929 |
| 2 | നവംബർ 23 | 60,469 |
| 3 | ഡിസംബർ 23 | 88,126 |
| 4 | ജനുവരി 24 | 59,304 |
| 5 | ഫെബ്രുവരി 24 | 1,01,017 |
| ആകെ | | 4,96,845 |

**ഓഡിറ്റ് നിരീക്ഷണങ്ങൾ**

1) അക്രൂ ചെയ്യപ്പെടാത്ത വരവിനമെന്ന നിലയിൽ സ്ഥാപന ഉടമ നികുതി ഒടുക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിനോദ നികുതി അക്കൗണ്ട് ചെയ്യേണ്ടത്. ഓരോ മാസത്തെയും വിനോദ നികുതി ഒടുക്കിയിട്ടുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് നിരീക്ഷിക്കുന്നില്ല. രജിസ്റ്ററിൽ തെറ്റായ ഡി.സി.ബി ആണ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

2) കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 ഇ പ്രകാരം ( 28-03-2023 ലെ നമ്പർ *15(2) ലെഗ്.എ2/2023/നിയമം* വിജ്ഞാപനം കൂടി കാണുക.) ഗ്രാമപഞ്ചായത്തിന് നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള പലിശ വസൂലാക്കേണ്ടതാണ്. പട്ടിക -1 പ്രകരം ഒടുക്കിയ നികുതി തുകയെല്ലാം തൊട്ടടുത്ത മാസം 3 ന് ശേഷമാണ് ഒടുക്കിയതെങ്കിലും പിഴപലിശ ഈടാക്കിയിട്ടില്ല. പിഴപ്പലിശ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | രസീത് നം. | തീയതി | തുക | പിഴ പലിശ ഒടുക്കേണ്ട മാസങ്ങൾ | തുക |
|---|---|---|---|---|---|---|
| 1 | മാർച്ച് 23 | 1230100707 | 10-05-23 | 22475 | 1 | 450 |
| 2 | ഏപ്രിൽ 23 | 1230101201 | 5-06-23 | 38570 | 1 | 772 |
| 3 | ജൂൺ 23 | 1230102201 | 14-08-23 | 24995 | 1 | 500 |
| 4 | ജൂലൈ 23 | 1230102636 | 15-09-23 | 28015 | 1 | 561 |
| 5 | ഓഗസ്റ്റ് 23 | 1230103519 | 10-10-23 | 133202 | 1 | 2665 |
| 6 | സെപ്റ്റംബർ 23 | 1230104840 | 13-11-23 | 89746 | 1 | 1795 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഒക്ടോബർ 23 | 1230106434 | 30-12-23 | 108231 | 1 | 2165 |
| | | | | | | 8908 |

3) പട്ടിക -2 പ്രകാരം ഗാനം തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവാനുള്ള തുക 4,96,845/- രൂപ പിഴ പലിശ സഹിതം ബന്ധപ്പെട്ട ാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ആകെ നഷ്ടം കണക്കാക്കിയതിൽ 4,96,845/- രൂപ കുടിശ്ശികയുടെ പിഴപലിശ ഉൾപ്പെടുന്നില്ല.)

ക്രമ നം-2, 3 എന്നിവ പ്രകാരം ഈടാക്കിയതിൽ കുറവു വന്ന 505753/- രൂപ (496845 + 8908 ) ബന്ധപ്പെട്ട തീയേറ്റർ ഉടമയിൽ നിന്ന് ഈടാക്കാത്ത പക്ഷം ഉത്തരവാദപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-3 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകം

മാത്യു എബ്രഹാം, കുറ്റിയിൽ ബംഗ്ലാവ് കറ്റാനം എന്നയാളുടെ 7/230 എന്ന കെട്ടിടത്തിന്റെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം താഴത്തെ നിലയിൽ 25.67 $M^2$ ലും ഒന്നാം നിലയിൽ 73.49 $M^2$ ലും മാറ്റം വന്നു. എന്നാൽ സഞ്ചയ രേഖകളിൽ മാറ്റം പൂർണ്ണമായും ഉൾപ്പെടുത്താതിരുന്നത് വസ്തുനികുതി നഷ്ടമുണ്ടാക്കി. 7/230 എന്ന കെട്ടിടത്തിന്റെ തറവിസ്തൃതി റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ളതും സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ളതും ചുവടെ ചേർക്കുന്നു.

| | നിലവിലുള്ള തറവിസ്തൃതി (ച.മീ) | മാറ്റം വന്ന തറവിസ്തൃതി(ച.മീ) |
|---|---|---|
| താഴത്തെ നില | 141.96 | 25.67 $M^2$ |
| ഒന്നാം നില | 21 | 73.49 $M^2$ |

തറ വിസ്തൃതി ഉൾപ്പെടുത്തിയതിലെ പിശക് മൂലം ഉണ്ടായ വസ്തുനികുതി നഷ്ടം ചുവടെ ചേർക്കുന്നു.

ഉൾപ്പെടുത്തിയിട്ടില്ലാത്ത തറവിസ്തൃതി- (3.71+73.49)=77.2

മാറ്റം വന്ന തറവിസ്തൃതി=99.16

നിലവിലുണ്ടായിരുന്ന വസ്തുനികുതി- 846

അടിസ്ഥാന വസ്തുനികുതി നിരക്ക്-8/ച.മീ

മാറ്റം വന്ന ഭാഗത്തിന്റെ അടിസ്ഥാന വസ്തുനികുതി -77.2 X8 =793.28

ആകെ അടിസ്ഥാന വസ്തുനികുതി=1639.28

വർദ്ധനവ് -റോഡ് =20%=327.856

മേൽത്തരം തറനിർമ്മിതി- 15%=245.892

ഇളവുകൾ കാലപ്പഴക്കം-20%= 327.856

വസ്തുനികുതി- 1886

നിർണ്ണയിച്ച വസ്തുനികുതി-1079

കുറവായി നിർണ്ണയിച്ച വസ്തുനികുതി-807/-രൂപ

വസ്തുനികുതി നിർണ്ണയത്തിലെ കുറവ് സംബന്ധിക്കുന്ന വിവരം 21-08-2024 ലെ 23-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവായി നിർണ്ണയിച്ച 807/- രൂപ കൂടി ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലബോറട്ടറി ഉപകരണം വാങ്ങൽ - ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല

ഫാമിലി ഹെൽത്ത് സെൻറർ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 'കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ' എന്ന പ്രോജക്ടു വഴി 4,97,460/- രൂപ മുടക്കി എ.ബി.സി ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, നാഗമ്പടം, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ മുഖേന " Mispa CXL Pro Plus Fully Automated Analyser" എന്ന ഉപകരണം വാങ്ങിയിരുന്നു. സ്ഥാപനം ലഭ്യമാക്കിയ 04.03.2024 ലെ B2C/05043/23-24 നമ്പർ ബിൽ പ്രകാരം 18 ശതമാനം ചരക്ക് സേവന നികുതി കൂടി അടങ്ങുന്നതാണ് പ്രസ്തുത തുക. ആകെ ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമായതിനാൽ സാധനവിലയുടെ ഒരു ശതമാനം വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതികൾ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതുണ്ട്. പ്രസ്തുത ബിൽ പ്രകാരം സാധനവില (ജി.എസ്.റ്റി ഒഴികെ) 421576/- രൂപയാണ്. ഇതിൻറെ ഒരുശതമാനമായ 4216 രൂപ വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതികൾ കുറവ് ചെയ്യേണ്ടതായിരുന്നു. അതായത് ആകെ 8432 രൂപ ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുകയും ബാക്കി 489028 രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകുകയുമായിരുന്നു വേണ്ടിയിരുന്നത്. ചരക്ക് സേവന നികുതികൾ കുറവ് ചെയ്യാതിരുന്നതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം5/23-24 , 12-08-2024ന്) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി തുക അടയ്ക്കുന്നതാണെന്ന് അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട് .
ചരക്ക് സേവന നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 8432 രൂപ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

### 3-2 തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും ജി.എസ്സ്.ടി ഈടാക്കുന്നില്ല

പുതുവാക്കൽ റോഡ് കോൺക്രീറ്റിംഗ്
എഫ്.റ്റി.ഒ നം.0121EATPAYREQ07122023161403 തീയതി 07-12-2023

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് (ജി.എസ്.ടി കഴിച്ചിട്ടുള്ള തുകയുടെ) 2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2023-24 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | ജി.എസ്ടി |
|---|---|---|---|
| പുതുവാക്കൽ റോഡ് കോൺക്രീറ്റിംഗ് | എ.ഷാനവാസ് | 354961 (ജി.എസ്സ്.ടി കഴിച്ചിട്ടുള്ള തുക) | 7099 |
| ആകെ | | | 7099 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.28 തീയതി

21-08-2024)ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും ജി.എസ്സ്.ടി ഇനത്തിൽ ഈടാക്കേണ്ട 7099 /-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 930000 | ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് വീട് | 930000 | **0** |
| | | 1780000 | ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് വീട് | 1780000 | **0** |
| | | 549500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 549500 | **0** |
| | | 143058 | പാലിന് സബ്സിഡി ജനറൽ | 143058 | **0** |
| | | 220000 | കതിരണിയും പാടം | 220000 | **0** |
| | | 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | **0** |
| | | 150000 | അംഗൻവാടി പോഷകാഹാരം | 150000 | **0** |
| | | 8250 | ബി.ആർ.സി പരിപാലനം | 8250 | **0** |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1249182 | നീർ വഴിയൊരുക്കം കൊച്ചുതോട് നവീകരണം | 1249182 | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 400000 | ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് വീട് | 400000 | **0** |
| | | 422100 | കതിരണിയും പാടം | 422100 | **0** |
| | | 150000 | പാലിന് സബ്ഡിഡി ജനറൽ | 150000 | **0** |
| | | 720000 | ലൈഫ് മിഷൻ-ഭൂരഹിത ഭവന രഹിതർക്ക് വീട് | 720000 | **0** |
| | | 195500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 195500 | **0** |
| | | 138500 | അംഗൻവാടി അനുപൂരകപോഷകാഹാരം | 138500 | **0** |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 405000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 405000 | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | അഗതി രഹിത കേരളം- ആശ്രയ അധിക വിഹിതം | 200000 | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 970560 | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ | 970560 | |

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കലും അനുബന്ധ പ്രവർത്തനങ്ങളും | 363/28-01-24 | 970560 | 0 | 970560 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 90/11-07-24 314/29-12-2023 | 105236 | 0 | 105236 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ 26740000/-രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനവായ്പ | GO(Rt) No-3367/2021/ Fin Dated 07-04-2021 | 6670604 | 26740000 | 3638195 | 0 | 29772409 |

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

ഇല്ല

**4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,85,22,230 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,74,72,807 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,89,140/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3407871/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 82,580 | | ശ്രീ.മധു. സെക്രട്ടറി (ചാർജ്ജ്) |
| 2-2 | 5,05,753 | | ശ്രീ.മധു. സെക്രട്ടറി (ചാർജ്ജ്) |
| 2-3 | 807 | | ശ്രീ.മധു. സെക്രട്ടറി (ചാർജ്ജ്) |
| ആകെ | 5,89,140 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-29 | 132075 | ഉണ്ണികൃഷ്ണൻ പിള്ള പി.ആർ സെക്രട്ടറി |
| 1-30 | 1600000 | ഉണ്ണികൃഷ്ണൻ പിള്ള പി.ആർ സെക്രട്ടറി |
| 1-31 | 600000 | ലൈജുമോൾ, എച്ച്.എം ഗവ.എൽ.പി.എസ് |
| 1-33 | 1075796 | ഉണ്ണികൃഷ്ണൻ പിള്ള പി.ആർ സെക്രട്ടറി |
| ആകെ | 3407871 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ**

വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 3-1 | 8432/- | ഡോ.ജയകുമാർ.വി.വൈ മെഡിക്കൽ ഓഫിസർ എഫ്.എച്ച്.സി |
| 3-2 | 7099/- | ഉണ്ണികൃഷ്ണൻ പിള്ള പി.ആർ സെക്രട്ടറി |
| ആകെ | 15531/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മധു. സെക്രട്ടറി(ചാർജ്ജ്) | സെക്രട്ടറി(ചാർജ്ജ്) ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | വാഴപ്പള്ളിൽ പെരിങ്ങാല.പി.ഒ കായംകുളം. |
| ഉണ്ണികൃഷ്ണൻ പിള്ള പി.ആർ സെക്രട്ടറി | റിട്ടയേർഡ് | പണിക്കരേത്ത് ഹൗസ്, വരവിള, കൊല്ലം |
| ലൈജുമോൾ, എച്ച്.എം ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ്സ് ഭരണിക്കാവ് യു.പി.സ്കൂൾ. | ഹരിപ്രിയ കാപ്പിൽമേക്ക് കൃഷ്ണപുരം |
| ഡോ.ജയകുമാർ.വി.വൈ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ഭരണിക്കാവ് | വിജയാലയം തെക്കേക്കര.പി.ഒ കുറത്തികാട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2010-11 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2011-12 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2012-13 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2013-14 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2014-15 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2015-16 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി 22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 /15/01/2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി6-806/2020/04.01.2021 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി-6-215/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി-6-702/2022/16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി-6-178/2023/ 29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/പി 6-1441/2023 / 22.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 15(1) dated 15(1) dated 31-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Bharanikkavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Bharanikkavu Grama Panchayat as on 31-03-2024

**Date: 04/11/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Bharanikkavu Grama Panchayat for the Year 2023-2024.

### 1.Major Observations

Nil.

### 2.Other Observations

1.In AFS,refund amount of CFC Grant ,wrongly accounted as Deposit received from others .
2 Advance amount of Rs.105236/-as per the project no 117/24 ,not taken as advance in AFS.
3.Institution does not maintain any details regarding the closing balance of Beneficiary Contribution i.e.,Rs.4,48,628/-.
4.No details were maintained by the institution related to advance given to implimenting agencies.
and Festival advance.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടു പകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്